**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5329** **21-03-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അന്തർസംസ്ഥാന റൂട്ടിലുള്ളതും കുമ്പള ഗ്രാമ പഞ്ചായത്തിന്റെ ഗ്രാമീണ ബസും അല്ലാതെ മഞ്ചേശ്വരം മണ്ഡത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ പ്രദേശികമായി സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; അവയുടെ റൂട്ടും ടൈമും വ്യക്തമാക്കാമോ; | (എ) | അന്തർ സംസ്ഥാന റൂട്ടിലുള്ളതും കുമ്പള ഗ്രാമ പഞ്ചായത്തിന്റെ ഗ്രാമീണ ബസും അല്ലാതെ മഞ്ചേശ്വരം മണ്ഡലത്തിൽ പ്രാദേശികമായി നിലവിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ല. |
| (ബി) | ഇല്ലെങ്കിൽ ഇത് പോലെ പ്രദേശികമായി കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്താത്ത എത്ര മണ്ഡലങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ ബേപ്പൂർ മണ്ഡലത്തിലും ഇതുപോലെ പ്രാദേശികമായി കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നില്ല. |
| (സി) | ഇക്കാലത്തും ആവശ്യമായ ബസ് സൗകര്യങ്ങൾ ഇല്ലാതെ സാധാരണക്കാരായ ജനങ്ങൾ പ്രയാസപ്പെടുന്ന വിവിധ പ്രദേശങ്ങൾ ഉള്ള മഞ്ചേശ്വരം മണ്ഡലത്തിൽ പുതുതായി കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്താൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കുമോ? | (സി) | യാത്രാ ആവശ്യം പരിഗണിച്ച് പുതിയ സർവീസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ